**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2873** **29-10-2026-ൽ മറുപടിയ്ക്ക്**

**റോഡ് സുരക്ഷ ഓഡിറ്റ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ദീപക് ജോയ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** അപകടസാധ്യത കൂടുതലുള്ള പൊതുമരാമത്ത് റോഡുകളും ജംഗ്ഷനുകളും കണ്ടെത്തി സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനും ആവശ്യമായ പരിഹാരനടപടികൾ സ്വീകരിക്കുന്നതിനും പദ്ധതിയുണ്ടോ?

**മറുപടി:** ഉണ്ട്. അപകടസാധ്യതയേറിയ റോഡുകളും ജംഗ്ഷനുകളും കണ്ടെത്തി പോലീസും മോട്ടോർ വാഹന വകുപ്പും നാറ്റ്പാകും ചേർന്ന് സംയുക്ത പരിശോധന നടത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാറുണ്ട്. ശാസ്ത്രീയ പഠനങ്ങളിലൂടെ ബ്ലാക്ക് സ്പോട്ടുകളും കണ്ടെത്തി തുടർനടപടി സ്വീകരിക്കുന്നു. 5 കി.മീറ്ററിലധികം ദൈർഘ്യമോ 10 കോടി രൂപയിൽ അധികം എസ്റ്റിമേറ്റ് തുകയോ വരുന്ന പ്രവർത്തികളിൽ നാറ്റ്പാക് (NATPAC) മുഖേന റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനുള്ള സംവിധാനമുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ (KRSA) ഫണ്ടും സ്റ്റേറ്റ് ഫണ്ടുകളും ഉപയോഗിച്ചാണ് പരിഹാര നടപടികൾ നടപ്പിലാക്കുന്നത്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൽ പ്രധാനപ്പെട്ട EPC പ്രവൃത്തികളുടെ കരാർ ഉടമ്പടികളിൽ റോഡ് സുരക്ഷ ഓഡിറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. കരാറുകാരൻ അംഗീകൃത സുരക്ഷാ ഓഡിറ്റർ മുഖേന സുരക്ഷാ ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**